കയർഫെഡ് എം.ഡി.മാരുടെ യോഗ്യതകൾ

44 (2100)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിൽ മാനേജിംഗ് ഡയറക്ടർമാരായി ആരെയെല്ലാമാണ് നിയമിച്ചത്;

(ബി) അവർ ഓരോരുത്തരുടേയും യോഗ്യതയും വ്യവസായ വാണിജ്യമേഖലയിലെ പരിചയവും വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ നിയമിച്ച മാനേജിംഗ് ഡയറക്ടർക്ക് നിശ്ചിത യോഗ്യതയും പരിചയവും ഉണ്ടോ;

(ഡി) നിശ്ചിത യോഗ്യതയും പരിചയവും ഉള്ളവരുടെ അഭാവം ഉണ്ടോ;

(ഇ) എങ്കിൽ ഈ ഒഴിവ് നോട്ടിഫൈ ചെയ്തിട്ടുണ്ടോ;

(എഫ്)നോട്ടിഫൈ ചെയ്ത് യോഗ്യരായവരുടെ അഭാവം ഉറപ്പുവരുത്താതെ പൂർണ്ണയോഗ്യതയില്ലാത്ത ഒരാളെ എം.ഡി.യായി നിയമിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്നവരെയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചിട്ടുള്ളത്.

1. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഡിവിഷണൽ അക്കൗണ്ടന്റായ ശ്രീ. ജെ. രവീന്ദ്രൻ.

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിലെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. വി.എ. അരുൺകുമാർ.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജെ. രവീന്ദ്രൻ ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദധാരിയാണ്.

ശ്രീ. വി.എ. അരുൺകുമാറിന്റെ യോഗ്യത എം.സി.എ.യും, അഞ്ചു വർഷത്തെ മാനേജീരിയൽ തലത്തിലുള്ള പ്രവൃത്തി പരിചയവുമാണ്.

(സി) കയർഫെഡ് എം.ഡി.യായി നിയമിക്കുന്നതിന് പ്രത്യേക യോഗ്യതയും പരിചയവും കയർഫെഡ് ബൈലാ പ്രകാരം നിഷ്ക്കർഷിച്ചിട്ടില്ല. ഇപ്പോൾ നിയമിച്ചിട്ടുള്ള മാനേജിംഗ് ഡയറക്ടർക്ക് മതിയായ യോഗ്യതയും പരിചയവും ഉണ്ടെന്നു കണ്ടതിനാലാണ് നിയമിച്ചിട്ടുള്ളത്.

(ഡി) ഈ നിയമനത്തിന് നിശ്ചിത യോഗ്യതയും പരിചയവും പ്രത്യേകം നിഷ്ക്കർഷിച്ചിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) 'ഡി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly